LIBRARY ARCHIVES Kerala Legislative Assembly

നികുതിയിളവ്

219 (559) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം നികുതി വിഭാഗത്തിലാണ് ഇളവ് നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വിഭാഗത്തിനും നികുതിയിളവ് നൽകുന്നതിന് എന്താണ് കാരണങ്ങൾ എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ചില നികുതി ഇളവ് നൽകിയതിലും സാമ്പത്തിക ക്രമക്കേട് നടന്നതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിലും എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് നികുതി വിഭാഗത്തിൽ ഇളവുകളൊന്നുംതന്നെ നൽകിയിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകിയ നികുതിയിളവുകൾ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം 2-ആയി വയ്ക്കുന്നു. മറ്റ് വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.*

(ബി) ഭൂരിഭാഗം നികുതിയിളവുകളും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലൂടെയാണ് നൽകുന്നത്.

(സി & ഡി) കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത ഒരു കേസിൽ ചില ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് മൻകാല പ്രാബല്യത്തോടെ കുറച്ചുകൊടുത്തതുമായി ബന്ധപ്പെട്ട് ഒരു ആരോപണം ഉന്നയിച്ചിരുന്നു. പ്രസ്തുത ആരോപണം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് പരിശോധിച്ചതിന് ശേഷം തള്ളുകയാണ് ഉണ്ടായത്.